എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

وَمَآ أَرۡسَلۡنَا مِن قَبۡلِكَ إِلَّا رِجَالٗا نُّوحِيٓ إِلَيۡهِمۡۖ فَسۡـَٔلُوٓاْ أَهۡلَ ٱلذِّكۡرِ
إِن كُنتُمۡ لَا تَعۡلَمُونَ ٤٣
بِٱلۡبَيِّنَٰتِ وَٱلزُّبُرِۗ وَأَنزَلۡنَآ إِلَيۡكَ ٱلذِّكۡرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيۡهِمۡ
وَلَعَلَّهُمۡ يَتَفَكَّرُونَ ٤٤

**43.** പ്രവാചകാ, നിനക്കു മുമ്പും നാം ദൈവദൂതന്മാരായി നിയോഗിച്ചിട്ടുള്ളത് മനുഷ്യരെത്തന്നെയാകുന്നു. അവരിലേക്കു നാം ദിവ്യസന്ദേശമയച്ചിരുന്നു. നിങ്ങൾക്കറിവില്ലെങ്കിൽ വേദജ്ഞാനമുള്ളവരോടു ചോദിച്ചുനോക്കുവിൻ.
**44.** തെളിഞ്ഞ ദൃഷ്ടാന്തങ്ങളും വേദങ്ങളും നൽകിക്കൊണ്ടാണ് പൂർവപ്രവാചകന്മാരും നിയോഗിക്കപ്പെട്ടത്. ഇപ്പോൾ നാം ഈ വേദം നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുകയാണ്; ജനങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിശദീകരിച്ചുകൊടുക്കാനും അവർ സ്വയം ചിന്തിച്ചുഗ്രഹിക്കാനും.

وَمَآ أَرۡسَلۡنَا= നാം അയച്ചിട്ടില്ല(നിയോഗിച്ചിട്ടുള്ളത്) مِن قَبۡلِكَ= നിനക്കു മുമ്പും
إِلَّا رِجَالٗا= പുരുഷന്മാരെയല്ലാതെ(മനുഷ്യരെത്തന്നെയാകുന്നു) نُّوحِيٓ إِلَيۡهِمۡ= അവരിലേക്ക് നാം ദിവ്യസന്ദേശമയക്കുന്നു
فَسۡـَٔلُوٓاْ= അതിനാൽ നിങ്ങൾ ചോദിച്ചുനോക്കുവിൻ أَهۡلَ ٱلذِّكۡرِ= ഉൽബോധനത്തിന്റെ ആളുകളോട്(വേദജ്ഞാനമുള്ളവരോട്)
إِن كُنتُمۡ= നിങ്ങൾ ആണെങ്കിൽ لَا تَعۡلَمُونَ= നിങ്ങൾ അറിയുന്നില്ല(അറിവില്ലാത്തവർ)
بِٱلۡبَيِّنَٰتِ= തെളിവുകളുംകൊണ്ട്(തെളിഞ്ഞ ദൃഷ്ടാന്തങ്ങളും നൽകിക്കൊണ്ടാണ്) (പൂർവ പ്രവാചകന്മാരും നിയോഗിക്കപ്പെട്ടത്)
وَٱلزُّبُرِۗ= (വേദ)ഗ്രന്ഥങ്ങളും وَأَنزَلۡنَآ إِلَيۡكَ= (ഇപ്പോൾ) നാം നിന്നിലേക്ക് അവതരിപ്പിച്ചു തന്നിരിക്കുകയാണ്
ٱلذِّكۡرَ= ഈ ഉൽബോധനം, (വേദം, ഖുർആൻ) لِتُبَيِّنَ لِلنَّاسِ= നീ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കാൻ
مَا نُزِّلَ إِلَيۡهِمۡ= അവരിലേക്ക് അവതരിപ്പിക്കപ്പെട്ടത്
وَلَعَلَّهُمۡ يَتَفَكَّرُونَ= അവർ ചിന്തിക്കുന്നവരായേക്കാം(ജനങ്ങൾ സ്വയം ചിന്തിച്ചുഗ്രഹിക്കാനും)

**43.** അവിശ്വാസികൾ ഉന്നയിക്കാറുള്ള മറ്റൊരു വിമർശനമായിരുന്നു പ്രവാചകന്റെ ആളത്തം. ദൈവം മനുഷ്യരിലേക്ക് ഒരു ദൂതനെ നിയോഗിക്കുകയാണെങ്കിൽ, നിയോഗിക്കുന്നത് മലക്കുകളിൽ– ദേവീദേവന്മാരിൽ ആരെയെങ്കിലുമായിരിക്കും. ഒരു മനുഷ്യനെ തന്റെ ദൂതനായി നിശ്ചയിക്കുന്നത് അവന്റെ മഹത്വത്തിനും ഔന്നത്യത്തിനും ഭൂഷണമല്ല. ഈ വിമർശനം ഉദ്ധരിക്കാതെ മറുപടി പറഞ്ഞിരിക്കുകയാണിവിടെ. മറ്റു പല യിടത്തും വിമർശനം വ്യക്തമായി പറയുന്നുണ്ട്. നേരത്തെ യൂനുസ് 2-ാം സൂക്തത്തിൽ പറഞ്ഞു:

أَكَانَ لِلنَّاسِ عَجَبًا أَنۡ أَوۡحَيۡنَآ إِلَىٰ رَجُلٖ مِّنۡهُمۡ أَنۡ أَنذِرِ ٱلنَّاسَ

(ജനത്തിനു മുന്നറിയിപ്പു നൽകാൻ നാം അവരിൽ നിന്നു

തന്നെ ഒരാൾക്ക് ദിവ്യസന്ദേശമയച്ചത് ജനങ്ങൾക്ക് അത്ഭുതമായിരിക്കുന്നുവെന്നോ?!) ഇവിടെ ചർച്ച ചെയ്യപ്പെടുന്ന സൂക്തം അതേ വാക്കുകളിൽ സൂറ *അൽഅമ്പിയാഅ്* 7-ാം സൂക്തത്തിൽ ആവർത്തിക്കുന്നുണ്ട്. തുടർന്നുള്ള 8-ാം സൂക്തത്തിൽ ഇങ്ങനെയും പ്രസ്താവിച്ചിരിക്കുന്നു:

وَمَا جَعَلْنَٰهُمْ جَسَدًا لَّا يَأْكُلُونَ ٱلطَّعَامَ وَمَا كَانُوا۟ خَٰلِدِينَ (അവരെ നാം അന്നം തിന്നാത്ത ശരീരമാക്കിയിരുന്നില്ല. അവർ ചിരംജീവികളുമായിരുന്നില്ല). സൂറ *ഫുർഖാൻ* 20-ാം സൂക്തത്തിൽ ഇങ്ങനെ കാണാം:

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ

(നിനക്കു മുമ്പ് നാം അയച്ചിട്ടുള്ള ദൈവദൂതന്മാരൊക്കെയും അന്നം തിന്നുന്നവരും അങ്ങാടികളിൽ നടക്കുന്നവരും തന്നെയായിരുന്നു). ദിവ്യസന്ദേശം ലഭിക്കുന്ന സാധാരണ മനുഷ്യൻ മാത്രമാണ് താനെന്ന് ജനങ്ങളോടു പറയാൻ അല്ലാഹു പ്രവാചകനോടാവശ്യപ്പെട്ടിട്ടുണ്ട്. قُلْ إِنَّمَآ أَنَا۠ بَشَرٌ مِّثْلُكُمْ يُوحَىٰٓ إِلَىَّ (നീ പറയുക: ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാകുന്നു. എനിക്ക് ദിവ്യസന്ദേശം ലഭിക്കുന്നുണ്ട് - 41:6) പ്രവാചകന്മാരെല്ലാം അക്കാര്യം ജനങ്ങളോടു പറയുകയും ചെയ്തിരുന്നു: قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ (അവരുടെ പ്രവാചകന്മാർ അവരോടു പറഞ്ഞിട്ടുണ്ട്: ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു - 14:11). പ്രവാചകന്മാരായി മനുഷ്യർ തന്നെ നിശ്ചയിക്കപ്പെട്ടതെന്തുകൊണ്ടാണെന്നും ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു:

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا

(പ്രവാചകൻ അവരോടു പറയുക: ഭൂമിയിൽ ശാന്തരായിചരിക്കുന്ന മലക്കുകളാണുള്ളതെങ്കിൽ, തീർച്ചയായും ആകാശത്തുനിന്ന് ഒരു മലക്കിനെത്തന്നെ അവർക്ക് ദൈവദൂതനായി ഇറക്കുമായിരുന്നു -17:95). മനുഷ്യരെ മാർഗദർശനം ചെയ്യേണ്ടത്, മനുഷ്യന്റെ പ്രകൃതിയും ബലാബലങ്ങളുമുള്ള മനുഷ്യൻ തന്നെയാണ്. മനുഷ്യരുടേതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഘടനയും സ്വഭാവ പ്രകൃതികളുമുള്ള മലക്കുകൾക്കോ മറ്റു സൃഷ്ടികൾക്കോ അവനെ നയിക്കാനാവില്ല. അല്ലാഹുവിന്റെ അനുശാസനങ്ങൾ മനുഷ്യരെ കേൾപ്പിക്കുകയോ, ഒരു കുറിപ്പടിയാക്കി അവന്റെ കൈയിൽ കൊടുക്കുകയോ അല്ല ശരിയായ പ്രബോധനം. ദൈവിക വചനങ്ങളുടെ അർഥങ്ങളും ആശയങ്ങളും സാധാരണ ജനങ്ങൾക്ക് മനസ്സിലാകും മട്ടിൽ വിശദീകരിച്ചുകൊടുക്കുകയും ജീവിതത്തിലൂടെ അവ പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കുകയും ചെയ്താലേ സന്മാർഗദർശനം സഫലവും സമ്പൂർണവുമാകൂ. മനുഷ്യ ജീവിതത്തിൽ ദൈവിക ശാസനങ്ങൾ പ്രാവർത്തികമാക്കേണ്ടതെങ്ങനെയെന്ന് മലക്കുകളുടെ ജീവിതത്തിലൂടെ കാണിച്ചുകൊടുക്കാനാവില്ല. ഇനി മലക്ക് മനുഷ്യരൂപവും പ്രകൃതിയും സ്വീകരിച്ച് മനുഷ്യർക്കിടയിൽ അവരിലൊരാളായി വർത്തിക്കുന്നുവെന്ന് വെക്കുക. ഒരു മനുഷ്യൻ താൻ പ്രവാചകനാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ കൂട്ടാക്കാത്ത ജനം, താൻ മലക്കാണെന്നവകാശപ്പെട്ടാൽ വിശ്വസിക്കുമോ? ഖുർആൻ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: وَلَوْ جَعَلْنَٰهُ مَلَكًا لَّجَعَلْنَٰهُ رَجُلًا وَلَلَبَسْنَا عَلَيْهِم مَّا يَلْبِسُونَ (നാം പ്രവാചകനെ മലക്കാക്കുകയാണെങ്കിൽ അതും മനുഷ്യരൂപത്തിൽ തന്നെയാണാക്കുക. അങ്ങനെ ഇപ്പോഴകപ്പെട്ടിട്ടുള്ള സന്ദേഹത്തിൽ തന്നെ അപ്പോഴും അവരെ അകപ്പെടുത്തുമായിരുന്നു - 6:9).

അതിനാൽ മനുഷ്യരിലേക്ക് അല്ലാഹു നിയോഗിച്ച എല്ലാ പ്രവാചകന്മാരും മനുഷ്യർ തന്നെയായിരുന്നു. പൂർവകാലങ്ങളിലാഗതരായ പ്രവാചകന്മാരിലാരും മലക്കോ ജിന്നോ ആയിരുന്നില്ല. വല്ല സംശയവുമുണ്ടെങ്കിൽ പൂർവ വേദക്കാരോടു ചോദിച്ചു നോക്കുക. അവരിലാരിലെങ്കിലും, അല്ലെങ്കിൽ ഏതെങ്കിലും വേദത്തിൽ എപ്പോഴെങ്കിലും ഒരു മലക്ക് പ്രവാചകനായി വന്ന ചരിത്രമുണ്ടെങ്കിൽ മാത്രമേ നിങ്ങളുടെ വിമർശനത്തിന് സാംഗത്യമുള്ളൂ. ഒരു പ്രവാചകനും അമാനുഷികനായിരുന്നില്ല എന്നാണവയൊക്കെയും പറയുന്നത്. ദൈവികസന്ദേശം- വഹ്‌യ്- ലഭിക്കുന്നു എന്നതുമാത്രമായിരുന്നു അവരുടെ സവിശേഷത. മറ്റു കാര്യങ്ങളിലെല്ലാം സാധാരണ മനുഷ്യരുടെ ഘടനയും സ്വഭാവഗുണങ്ങളും തന്നെയായിരുന്നു അവരുടേത്. വഹ്‌യ്- ദിവ്യസന്ദേശം ലഭിക്കുക എന്ന സവിശേഷത അവരുടെ മരണത്തോടെ അപ്രത്യക്ഷമാകുന്നു. പിന്നെ അവർക്കു ലഭിച്ച ദിവ്യസന്ദേശം മാത്രമേ നിലനിൽക്കുന്നുള്ളൂ. പ്രവാചകനു ശേഷം ആദരിക്കപ്പെടേണ്ടതും പിന്തുടരപ്പെടേണ്ടതും അദ്ദേഹത്തിലൂടെ അവതീർണമായ ദിവ്യസന്ദേശവും അതിന് അദ്ദേഹം നൽകിയ പ്രായോഗിക രൂപവും മാത്രമാണ്. പ്രവാചകന്റെ ശരീരത്തിനോ ശരീരാവശിഷ്ടങ്ങൾക്കോ ദിവ്യത്വവും ആരാധ്യതയുമില്ല. അവയൊന്നും അവശേഷിക്കുന്നുമില്ല.

മൂലത്തിലെ رجالا ന്റെ മൗലികമായ അർഥം പുരുഷന്മാർ എന്നാണ്. മനുഷ്യർ എന്ന അർഥത്തിലും ഉപയോഗിക്കും. ഇവിടെ മലക്കിന്റെ വിപരീതമായി ഉപയോഗിച്ചതുകൊണ്ടാണ് മനുഷ്യർ എന്ന് അർഥം സ്വീകരിച്ചത്. ഈ പദപ്രയോഗത്തിന് ഇവിടെ വേറെയും ചില മാനങ്ങളുണ്ട്. മലക്കുകൾ സ്ത്രീകളാണെന്നായിരുന്നു അറബികളുടെ വിശ്വാസം. അതൊരന്ധവിശ്വാസമാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. 'നിങ്ങൾ സ്ത്രീകളാണെന്ന് വിശ്വസിക്കുന്ന മലക്കുകളെയല്ല, പുരുഷന്മാരായ മനുഷ്യരെയാണ് പ്രവാചകന്മാരായി അല്ലാഹു നിയോഗിച്ചിട്ടുള്ളത് എന്നാണ് വചന താൽപര്യം. പ്രവാചകന്മാരെല്ലാം മനുഷ്യരായിരുന്നുവെന്നു മാത്രമല്ല; മനഷ്യരിൽ തന്നെ പുരുഷന്മാർ മാത്രമായിരുന്നുവെന്നുകൂടി ഈ പദം സൂചിപ്പിക്കുന്നതായി പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. സ്ത്രീകൾ പ്രവാചകന്മാരായി വന്ന ഒരു ചരിത്രവും പൂർവവേദങ്ങളിലോ വൈദിക മതസമൂഹങ്ങളിലോ കാണപ്പെടുന്നില്ല. സഹനം, സ്ഥൈര്യം, ധൈര്യം, നേതൃത്വം, മർദ്ദനപീഡനങ്ങൾ, പലായനം, പ്രവാസം, സംഘട്ടനം, സമാധാനം തുടങ്ങി തികഞ്ഞ പൗരുഷവും കരുത്തും നിശ്ചയ ദാർഢ്യവും ആവശ്യപ്പെടുന്ന നിരവധി കാര്യങ്ങൾ നിറഞ്ഞതാണ് പ്രവാചക ദൗത്യം. ദുർബലവും- മൃദുലവുമായ സ്ത്രൈണ പ്രകൃതിക്ക് അവയൊക്കെ ദുർവഹമായതുകൊണ്ടാണ് അല്ലാഹു സ്ത്രീകളെ പ്രവാചകരായി നിയോഗിക്കാതിരുന്നതെന്ന് പണ്ഡിതന്മാർ നിരീക്ഷിക്കുന്നു. ആളുകളുടെ ഗുരുസങ്കൽപവും ആചാര്യ സങ്കൽപവും പുരുഷന്മാരുമായി ബന്ധപ്പെട്ടതാണ്. പുരുഷന്മാരായിട്ടും പ്രവാചകന്മാരെല്ലാം രൂക്ഷമായ എതിർപ്പിനും നിഷേധത്തിനുമിരയായിട്ടുണ്ട്. ചിലർ പൂർണമായി തള്ളിക്കളയപ്പെടുകയും ചെയ്തു. എന്നിരിക്കെ അവർ സ്ത്രീകൾ കൂടി ആയിരുന്നുവെങ്കിൽ എന്തായിരിക്കും അവസ്ഥയെന്ന് ഊഹിക്കാവുന്നതാണ്.

അനുസ്മരണം, ഉൽബോധനം എന്നാണ് ٱلذِّكْرِ ന്റെ

ഭാഷാർഥം. ഖുർആൻ ഈ പദം ദിവ്യസന്ദേശം, വേദം എന്ന അർഥത്തിൽ പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്. ഈ സൂക്തവും തൊട്ടടുത്ത സൂക്തവും ഉദാഹരണമാണ്. അഹ്‌ലുൽ കിതാബ് എന്നവാക്കിനു സമാനമാണ് അഹ്‌ലുദ്ദിക്ർ. അറബികൾ അഹ്‌ലുദ്ദിക്ർ ആയി മനസ്സിലാക്കിയിരുന്നത് യഹൂദ-ക്രൈസ്തവ മതവിഭാഗങ്ങളെയായിരുന്നുവെങ്കിലും ലോകത്തെങ്ങുമുള്ള എല്ലാ വൈദിക മതസ്ഥരും അതിന്റെ അർഥ പരിധിയിൽ ഉൾപ്പെടുന്നുണ്ട്.

യഹൂദരും ക്രൈസ്തവരും വേദവാഹകരാണെന്ന് ജാഹിലി അറബികൾ അംഗീകരിച്ചിരുന്നു. ദൈവം, വേദം, പ്രവാചകൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആധികാരികമായ അറിവുണ്ടാവുക വേദവാഹകർക്കാണല്ലോ. അതുകൊണ്ട് പ്രവാചകന്റെ യാഥാർഥ്യത്തെക്കുറിച്ച് വേദജ്ഞാനമില്ലാത്ത നിങ്ങളും നിങ്ങളുടെ ആചാര്യന്മാരും പുലർത്തുന്ന ഊഹങ്ങൾ മാറ്റിവെച്ച് അവയിലൊക്കെ ആധികാരിക വിജ്ഞാനമുള്ള വേദവാഹകരോട് ചോദിച്ചറിയാൻ ആവശ്യപ്പെടുകയാണ് ഖുർആൻ.

അറിവില്ലാത്ത കാര്യങ്ങൾ അന്വേഷിച്ചറിയാനുള്ള പൊതുവായ ഒരാഹ്വാനവും ഇതിലുണ്ട്. ഒരു വിഷയം അന്വേഷിക്കേണ്ടത് ആ വിഷയത്തിൽ ശരിയായ വിജ്ഞാനമുള്ളവരോടാണ്. മുസ്‌ലിം സമുദായത്തിനും അതിന്റെ ഗ്രന്ഥങ്ങൾക്കും പുറത്തുനിന്നാണ് ശരിയായ വിവരം ലഭിക്കുകയെങ്കിൽ അവിടെ ചെന്ന് അന്വേഷിക്കണം. അതാണ്, 'ചൈനയിൽ പോയിട്ടാണെങ്കിലും വിജ്ഞാനം തേടണം' എന്ന് നബി(സ) പറഞ്ഞത്. ഇസ്‌ലാമിക പ്രമാണങ്ങൾ വിശദീകരിക്കാത്ത വിഷയങ്ങളിൽ പൂർവ ശരീഅത്തുകളെ ആധാരമാക്കി വിധികണ്ടെത്താം എന്ന് ചില പൂർവിക കർമശാസ്ത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മുജ്തഹിദുകൾ തഖ്‌ലീദിന് (അന്ധമായ അനുകരണം) അതീതരാണല്ലോ. എന്നാൽ ഒരു മുജ്തഹിദിന് ഒരുകാര്യം അറിയില്ലെങ്കിൽ അയാൾ അതറിവുള്ള മറ്റൊരു മുജ്തഹിദിനോട് അന്വേഷിച്ചറിയേണ്ടത് നിർബന്ധമാണ് എന്നതിനുള്ള തെളിവായും ..........فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ എന്നവാക്യം ഉന്നയിക്കപ്പെട്ടിരിക്കുന്നു. ഖുർആനിനും സുന്നത്തിനും ശേഷം ശരീഅത്തിന്റെ പ്രമാണങ്ങളിലൊന്നായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് ഖിയാസ്. ബുദ്ധിപരമായ പ്രവർത്തനമാണത്. ഒരു വിഷയത്തിലുള്ള ഖുർആനിന്റെയും സുന്നത്തിന്റെയും വിധിക്കു നിമിത്തമായ സംഗതികൾ കാണപ്പെടുന്ന മറ്റു വിഷയങ്ങൾക്കും ആ വിധി ബാധകമാക്കുകയാണിത്. ഖിയാസിനെ ചില പണ്ഡിതന്മാർ നിഷേധിച്ചിരിക്കുന്നു. പ്രകൃത വചനമാണ് അവരുടെയും ന്യായം: ഒരാൾ ഒരു പ്രശ്നം നേരിട്ടാൽ അതിന്റെ വിധിയറിയുമെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കുകയല്ലാതെ ഖിയാസ് നടത്താൻ പാടില്ല. അറിവില്ലെങ്കിൽ അറിവുള്ളവരോട് ചോദിക്കണം. ഖിയാസ് നടത്തരുത്. ഖിയാസ് ഒരു പ്രമാണമായിരുന്നുവെങ്കിൽ അറിവില്ലാത്തവർ അറിവുള്ളവരോട് ചോദിക്കണമെന്ന് കൽപിക്കുമായിരുന്നില്ല. അവൻ ഖിയാസ് ചെയ്തു കൊള്ളുമല്ലോ. ഖിയാസിന്ന് സ്വഹാബത്തിന്റെ ഏകകണ്ഠമായ അംഗീകാരം(ഇജ്മാഅ്) ഉണ്ടെന്നാണ് മറുപക്ഷത്തിന്റെ മറുപടി. ഈ വചനത്തിൽ നിന്ന് നിർധാരണം ചെയ്യുന്ന തെളിവിനെക്കാൾ പ്രബലമാണത്. കൂടാതെ അടുത്ത സൂക്തത്തിലെ وَلَعَلَّهُمْ يَتَفَكَّرُونَ എന്നവാക്യം ഖിയാസിനെ സാധൂകരിക്കുക മാത്രമല്ല പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**44.** അല്ലാഹു മനുഷ്യരെ പ്രവാചകന്മാരായി അയച്ചപ്പോൾ, അവർ പ്രവാചകന്മാരാണെന്നു തിരിച്ചറിയാനുള്ള തെളിവുകളോടു കൂടിയാണ് അയച്ചിട്ടുള്ളത്. بينات- ഭാഷാർഥത്തിൽ തെളിവുകളാണ്. ഇവിടെ ഉദ്ദേശ്യം അമാനുഷ ദൃഷ്ടാന്തങ്ങളാണെന്ന് പൊതുവിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണം മൂസാ നബിയുടെ വടി. അതുവഴി അദ്ദേഹം പല അത്ഭുതങ്ങളും കാണിച്ചിരുന്നു. ഈസാനബി മണ്ണുകൊണ്ട് ജീവികളുടെ രൂപമുണ്ടാക്കി അവയെ ഊതിജീവിപ്പിച്ചിരുന്നു. എന്നാൽ പ്രവാചകന്റെ സ്വഭാവ മഹിമ, വ്യക്തിത്വ ശുദ്ധി, ആത്മീയത പ്രബോധനം ചെയ്യുന്ന ആശയങ്ങളുടെ നൈതികത, ധാർമികത തുടങ്ങിയ എല്ലാ തെളിവുകളെയും ഉൾക്കൊള്ളുന്നതാണ് ബയ്യിനാത്ത് എന്ന പദം. എഴുത്ത്, എഴുതപ്പെടുന്ന ഏട്, ഗ്രന്ഥം എന്നൊക്കെ അർഥമുള്ള زبور ന്റെ ബഹുവചനമാണ് زبر. പുസ്തകമെഴുതി എന്ന അർഥത്തിൽ زبر الكتاب എന്നു പറയും. വേദങ്ങളെയും ആത്മീയ-ധാർമിക വിഷയങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെയും കുറിക്കാനാണ് സാധാരണ زبور ഉപയോഗിക്കാറുള്ളത്. ദാവൂദ് നബിക്ക് നൽകിയ വേദത്തെ زبور എന്നാണ് ഖുർആൻ പരാമർശിച്ചിരിക്കുന്നത്. بِٱلْبَيِّنَٰتِ ന് മുമ്പ് وارسلو അല്ലെങ്കിൽ وارُسلناهم (അവർ അയക്കപ്പെട്ടത്/ അവരെ നാം അയച്ചത്) എന്ന വാക്ക് അനുക്തമായിട്ടുണ്ട്.

പൂർവപ്രവാചകന്മാർ എപ്രകാരം വേദങ്ങളും തെളിവുകളുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതേ പ്രകാരം ഇപ്പോൾ നിന്നെ -മുഹമ്മദ് നബിയെ- ഈ വേദവുമായി അല്ലാഹു അയച്ചിരിക്കുകയാണ്. ജനങ്ങൾക്കുവേണ്ടി അല്ലാഹു അവതരിപ്പിച്ച വേദപ്രമാണങ്ങൾ നീ അവർക്ക് വിശദീകരിച്ചു കൊടുക്കാനാണത്. വേദം ഒരു ശബ്ദമായി കേൾപിക്കുകയോ ഒരു ലിഖിതമായി ജനങ്ങളുടെ കൈയിൽ കൊടുക്കുകയോ മാത്രമായിരുന്നു പ്രവാചകന്റെ ചുമതലയെങ്കിൽ അതിനു മലക്കുകൾ മതിയാകുമായിരുന്നു. പക്ഷെ, അതു വിശദീകരിച്ചുകൊടുക്കാൻ മനുഷ്യനായ പ്രവാചകനേ കഴിയൂ. വിശദീകരിക്കുക എന്നാൽ വേദവചനങ്ങളുടെ അർഥവും വ്യാകരണവും പറയുകയല്ല. അതിന്റെ വിശാലമായ ആശയതലങ്ങളിലേക്ക് വെളിച്ചം വീശുകയും ആ ആശയങ്ങളുടെ പ്രായോഗിക മാതൃക സ്വജീവിതത്തിലൂടെ കാണിച്ചുകൊടുക്കുകയുമാണ്. അതാണ് പ്രവാചകൻ ചെയ്തിരുന്നത്. പ്രവാചകന്റെ ദൗത്യത്തെ ഖുർആൻ ഇങ്ങനെ വിശേഷിപ്പിക്കുന്നു: يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ (അദ്ദേഹം അവർക്കു അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു, അവരെ സംസ്കരിക്കുന്നു, വേദവും ഹിക്മതും പഠിപ്പിക്കുന്നു - 62:2). ഇവിടെ പറയുന്ന ഹിക്മത് പ്രവാചകന്റെ പ്രവർത്തന മാതൃക അഥവാ സുന്നഃ ആണെന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നു.

يَأْمُرُهُم بِٱلْمَعْرُوفِ وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَٰلَ ٱلَّتِى كَانَتْ عَلَيْهِمْ

(അദ്ദേഹം അവരോട് ധർമം കൽപിക്കുന്നു, അധർമം വിലക്കുന്നു. നല്ലതുകൾ അനുവദിച്ചുകൊടുക്കുന്നു. ദുഷിച്ചവ നിഷിദ്ധമാക്കുന്നു. അവരുടെ ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞു മുറുക്കിയ ചങ്ങലകൾ ഇറക്കിവെക്കുന്നു. - 7:157). ഈ വചനങ്ങളിൽ വേദപാരായണത്തിന്റെയും പഠിപ്പിക്കലിന്റെയും ആജ്ഞാനിരോധങ്ങളുടെയും അനുവാദ നിഷിദ്ധങ്ങളുടെയും വിമോചനത്തിന്റെയുമെല്ലാം കർതൃത്വം പ്രവാചകനിലേക്ക് ചേർത്തിരിക്കുന്നത് ശ്രദ്ധേയമാകുന്നു.

അതൊക്കെയും പ്രവാചകന്റെ വിശദീകരണമാണ്. പ്രവാചകന്‍ കല്‍പിക്കുന്നതെല്ലാം അല്ലാഹു നേരിട്ടു കല്‍പിക്കുന്നതിനു തുല്യമാകുന്നു. അതുകൊണ്ടാണ് ഖുര്‍ആന്‍ 4:80 ല്‍ مَّن يُطِعِ ٱلرَّسُولَ فَقَدْ أَطَاعَ ٱللَّهَ (ദൈവദൂതനെ അനുസരിച്ചവന്‍ തീര്‍ച്ചയായും അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു) എന്നു പ്രസ്താവിച്ചത്. 3:31ല്‍ പറയുന്നു:

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ

وَٱللَّهُ غَفُورٌ رَّحِيمٌ

(പ്രവാചകന്‍ ജനങ്ങളോടു പറയുക: നിങ്ങള്‍ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കില്‍ എന്നെ പിന്തുടരുവിന്‍. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു). ഈ സൂക്തങ്ങളെല്ലാം വ്യക്തമാക്കുന്നത് പ്രവാചകന്‍ ഖുര്‍ആന്‍ ജനങ്ങള്‍ക്കെത്തിച്ച ഒരു തപാല്‍ക്കാരനായിരുന്നില്ല; പ്രത്യുത അതിന്റെ അധ്യാപകനും പ്രയോക്താവും കൂടി ആയിരുന്നുവെന്നാണ്. ഖുര്‍ആന്‍ أَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ (നമസ്കാരം നിലനിര്‍ത്തുവിന്‍, സകാത്തു നല്‍കുവിന്‍) എന്നു കല്‍പിച്ചു. നമസ്കാരം ഏതെല്ലാം സമയങ്ങളില്‍ എത്ര റകഅത്തു വീതം ഏതു രൂപത്തില്‍ എന്നും, സകാത്ത് ഏതെല്ലാം ധനത്തിന് എന്തളവിന് ഏതു തോതില്‍ എന്നും കല്‍പിച്ചത് പ്രവാചകനാണ്. ആ കല്‍പന അല്ലാഹുവിന്റെ കല്‍പനക്കു തുല്യമാണ്. ആരാധനാ കാര്യങ്ങളില്‍ മാത്രമല്ല, സാമ്പത്തിക ജീവിതത്തിലും കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലുമെല്ലാം പ്രവാചകന്‍ കൈക്കൊണ്ട നടപടികള്‍ ഖുര്‍ആനിന്റെ വ്യാഖ്യാനമാണ്. അതുകൊണ്ടാണ് പ്രവാചകന്റെ സ്വഭാവചര്യ ഖുര്‍ആന്‍ ആയിരുന്നുവെന്ന് അദ്ദേഹത്തിന്റെ പത്നി ആഇശ(റ) പ്രസ്താവിച്ചത്. ഈ ചര്യയാണ് ഇസ്‌ലാം മതത്തിന്റെ രണ്ടാം പ്രമാണമായ സുന്നത്ത്. രണ്ടാം പ്രമാണത്തിന്റെ സഹായമില്ലാതെ ഒന്നാം പ്രമാണം കൃത്യമായി മനസിലാക്കാനോ പിന്തുടരാനോ കഴിയില്ല.

പ്രവാചകന്റെ വിശദീകരണത്തോടൊപ്പം പറയുന്ന لَعَلَّهُمْ يَتَفَكَّرُونَ എന്നവാക്യവും ഏറെ ശ്രദ്ധേയമാകുന്നു. മനുഷ്യന്റെ ചിന്തയെ പ്രചോദിപ്പിച്ച് ധൈഷണികവും വൈജ്ഞാനികവുമായ വികാസത്തിലേക്കു നയിക്കുവാന്‍ കൂടിയാണ് ഖുര്‍ആന്‍ ആഗതമായത്. പ്രവാചകന്റെ അഭാവത്തില്‍ നേരിടേണ്ടിവരുന്ന പുതിയ പുതിയ സാഹചര്യങ്ങളില്‍ വിശ്വാസി കാര്യങ്ങള്‍ സ്വയം ചിന്തിച്ച് തീരുമാനത്തിലെത്തേണ്ടതുണ്ട്. ചിന്തയുടെയും ഗവേഷണത്തിന്റെയും ആധാരം ആയിരിക്കേണ്ടതിനു കൂടിയാണ് ഖുര്‍ആനും പ്രവാചക വ്യാഖ്യാനവും സ്ഥാപിതമായിരിക്കുന്നത്. വിശ്വാസിയുടെ വിജ്ഞാനം ഖുര്‍ആനില്‍ അധിഷ്ഠിതമാകുന്നു. അത് ആത്മീയ ധാര്‍മിക ശാസ്ത്രമാകട്ടെ, ഭൗതിക പദാര്‍ഥ ശാസ്ത്രമാകട്ടെ. സകല ശാസ്ത്രങ്ങളും ഖുര്‍ആനിലുണ്ട് എന്നു ചിലര്‍ പറയാറുണ്ട്. സകലശാസ്ത്രങ്ങള്‍ക്കും പ്രചോദകമായും മൂലാധാരമായും ഖുര്‍ആന്‍ വര്‍ത്തിക്കുന്നു എന്ന അര്‍ഥത്തില്‍ അതു ശരിയാണ്. ഖുര്‍ആനിനെയും സുന്നത്തിനെയും ആധാരമാക്കി ദീനീവിഷയങ്ങളില്‍ നടത്തുന്ന തഫക്കുര്‍- ചിന്തയും ഗവേഷണവും ആണ് ഇജ്തിഹാദ്. ഇജ്തിഹാദിന്റെ പ്രാഥമിക രൂപമാണ് ബുദ്ധിയുപയോഗിച്ചുള്ള ന്യായാധികരണം. മനുഷ്യന്‍ സ്വയം ചിന്തിച്ച് ഗ്രഹിക്കാന്‍ കൂടിയാണ് ഖുര്‍ആന്‍ അവതരിപ്പിച്ചത് എന്ന കല്‍പന അനുസരിക്കുകയാണ് മുജ്തഹിദുകള്‍ ചെയ്യുന്നത്. ■